## 29 ജൂൺ 2010

# മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ

## യോഹ 21:15-19

**ഫാ. ഗീവർഗീസ് കൈതവന**

പെന്തിക്കൊസ്തിക്കാലത്ത് ആചരിക്കുന്ന ശ്ലീഹാനോമ്പ്, പരിശുദ്ധാത്മാ ചൈതന്യത്താൽ ലോകത്തിന്റെ അങ്ങേ അറ്റം വരെ, ക്രിസ്തുവിനോടുള്ള സ്നേഹത്താൽ സുവിശേഷം അറിയിച്ച ശ്ലീഹന്മാരെ സ്മരിക്കുന്നു. ശ്ലീഹന്മാരെ പൊതുവായും പത്രോസ്-പൗലോസ്ശ്ലീഹന്മാരെ പ്രത്യേകമായും അനുസ്മരിക്കുന്ന കാലത്ത് പ്രേഷിതപ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. ക്രിസ്തുവിനും അവന്റെ സഭയ്ക്കും വേണ്ടി സ്വയം സമർപ്പിച്ച ശ്ലീഹന്മാരെ ബഹുമാനപൂർവം ഓർക്കുകയും അവരുടെ ജീവിതമാതൃക ദൈവജനത്തിനു പകർന്നു അവരെയും ക്രിസ്തുവിനായി ജീവിക്കാൻ ഒരുക്കുകയെന്നതാണ് ഈ നോമ്പിന്റെ ലക്ഷ്യം.

പതിമൂന്നുനോമ്പിൽ നാം എല്ലാ ശ്ലീഹന്മാരെയും സ്മരിക്കുന്നു. പ്രത്യേകിച്ച് വി. പത്രോസിനെയും പൗലോസിനെയും. ജൂൺ 29 അവരുടെ രക്തസാക്ഷിത്വമായിട്ടാണ് സഭ കൊണ്ടാടുന്നത് ഒരു നാണയത്തിന്റെ ഇരുവശങ്ങൾ എന്നപോലെ സഭയുടെ അസ്ഥിത്വത്തിന്റെ രണ്ടു പ്രധാനഭാഗങ്ങളാണ് വി. പത്രോസും വി. പൗലോസും. വി. പത്രോസിന്മേൽ സഭ സ്ഥാപിക്കപ്പെട്ടു. പക്ഷെ, അതു പണിതുയർത്തപ്പെട്ടിരിക്കുന്നത് പൗലോസായ തൂണിന്മേലാണ്. ഒരേ കാലഘട്ടത്തിൽ വ്യത്യസ്തമായ മാർഗ്ഗത്തിലൂടെ, പ്രവർത്തനശൈലികളിലൂടെ അവർ അവനു സാക്ഷികളായി. ഈ രണ്ടു ശ്ലീഹന്മാരെക്കുറിച്ചും അല്പം ചിന്തിക്കുക.

### പത്രോസ്

ഏറെ പരിചിതമുഖമാണ് സുവിശേഷങ്ങളിൽ പത്രോസിന്റേത്. എന്തിനും ഏതിനും മുന്നിൽ നിൽക്കുന്നവൻ. ദൈവിക രഹസ്യങ്ങൾ വെളിപ്പെട്ടുകിട്ടിയവൻ (മർക്കോ 6:14-16). കാരാഗൃഹത്തിൽ പോകാനും മരിക്കാനും തയ്യാറായവൻ (ലൂക്കാ 22:23). അങ്ങനെ ഏറെ വിശേഷങ്ങൾ. ഇടയ്ക്ക് പത്രോസിനെ നാം വെറുക്കുന്നു; കത്തിയെരിയുന്ന തീയുടെ മുന്നിൽ വെച്ച് ഒരു പരിചാരികയുടെ മുന്നിൽ ക്രിസ്തുവിനെ തള്ളിപ്പറയുമ്പോൾ (മർക്കോ 14:66-72). ഒടുവിൽ നമുക്കവനോട് അലിവു തോന്നുന്നു. മറ്റൊരു തീയുടെ മുന്നിൽവെച്ച്, തള്ളിപ്പറഞ്ഞവനെക്കൊണ്ട് ഏറ്റു പറയിപ്പിച്ചപ്പോൾ. ക്രിസ്തുവെന്ന നിലാവിന്റെ മുന്നിൽ പത്രോസിനു പുതിയൊരു അസ്തിത്വം ലഭിക്കുകയായിരുന്നു (യോഹ 21:9-19). “കർത്താവേ, നീ എല്ലാം അറിയുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു” എന്നു പറഞ്ഞ പത്രോസ് പിന്നീട് സ്നേഹം പ്രാവർത്തികമാക്കുകയായിരുന്നു. ഒരു തരത്തിൽ ചിന്തിച്ചാൽ സ്നേഹം ഏറ്റുപറയുമ്പോൾ ഒരുവന് ലഭിക്കുന്ന ദൗത്യമാണ് അജപാലനദൗത്യം. സ്നേഹമുള്ളവനെ അജപാലകനാവാനാകൂ. യേശുവിനോടുള്ള സ്നേഹമമാണവനെ രക്തസാ

ക്ഷിയാക്കുന്നത്. ഈ സ്നേഹത്തിലേക്കു തിരിച്ചുവരാനാണ് ശ്ലീഹാനോമ്പ് ഓർമ്മിപ്പിക്കുന്നത്. ആദ്യനൂറ്റാണ്ടുകളിൽ ശ്ലീഹന്മാർക്കുണ്ടായിരുന്ന യേശുസ്നേഹമാണ് സഭയുടെ വളർച്ചയ്ക്കു കാരണമായത്. ഇന്നും സഭ ഇതാഗ്രഹിക്കുന്നു.

**പൗലോസ്**

നടപടി പുസ്തകത്തിൽ സാവൂളിനെ ആദ്യം കാണുമ്പോൾ നമുക്കവനോടു വെറുപ്പാണ്. നിഷ്ക്കളങ്കന്റെ രക്തം ചിന്തിയവരുടെ വസ്ത്രം സൂക്ഷിച്ചവൻ. ആ എതിർപ്പ്, ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നവനായി മാറുമ്പോൾ വളരുന്നു. പക്ഷെ, അഹന്തയുടെ കുതിരപ്പുറത്തേറിയ യാത്രയിൽ അടിതെറ്റി വീണ അവനോടു നമുക്കാർദ്രത തോന്നുന്നു. പിന്നീട് ബഹുമാനവും. സുവിശേഷത്തിനുവേണ്ടി ഇത്രയും ജീവിച്ച ഒരുവൻ. അവന്റെ പ്രേഷിത യാത്രകൾ, കുറിപ്പുകൾ, പ്രസംഗങ്ങൾ. എന്തിന് ഇത്രമാത്രം ഈ അപ്പസ്തോലൻ ചെയ്യുന്നു? ഉത്തരം ഒന്നു മാത്രം. ക്രിസ്തുവിനോടുള്ള സ്നേഹത്തിൽനിന്ന് എന്തിന് എന്നെ പിന്തിരിപ്പിക്കാൻ സാധിക്കും?

പൗലോസിന്റെ പ്രേഷിതചൈതന്യം ക്രിസ്തുവിന്റെ സ്നേഹവുമായി ബന്ധപ്പെട്ടതായിരുന്നു. അവന്റെ സ്നേഹത്തിൽ മുഖമമർത്തിയവർക്കാർക്കും അവനെ പ്രഘോഷിക്കാതിരിക്കാനാവില്ല. മരിക്കേണ്ടി വന്നാൽ പോലും ഈ സ്നേഹത്തിൽനിന്ന് മാറില്ല.

ശ്ലീഹാനോമ്പ്, നമ്മെ ഓർമ്മിപ്പിക്കുന്നത് ക്രിസ്തുവിനോടുള്ള ശിഷ്യരുടെ സ്നേഹമാണ്. ആ സ്നേഹത്തിനു മുമ്പിൽ അവരുടെ ജീവിതം പോലും നിസാരമാണ്. രക്തസാക്ഷിത്വത്തേക്കാൾ ഉപരി ഇവർ സ്നേഹസാക്ഷികളാണ്. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സാക്ഷികൾ.

**********************